"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതശിശു വികസന വകുപ്പ്- വകുപ്പിന് കീഴിൽ രൂപീകരിച്ചിട്ടുള്ള ജെൻഡർ കൗൺസിലിന്റെ പ്രവർത്തനങ്ങൾക്കായി തുക വിനിയോഗിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതശിശു വികസന(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.44/2026/WCDD തീയതി,തിരുവനന്തപുരം, 28-01-2026

---

പരാമർശം:-

1. സ.ഉ.(സാധാ) നം.433/2022/ഡബ്ള്യുസിഡിഡി തീയതി. 27/09/2022.
2. സ.ഉ.(സാധാ) നം.460/2022/ഡബ്ള്യുസിഡിഡി തീയതി.26/10/2022.
3. സ.ഉ.(സാധാ) നം.192/2023/ഡബ്ള്യുസിഡിഡി തീയതി.24/04/2023.
4. സ.ഉ.(സാധാ) നം.388/2023/ഡബ്ള്യുസിഡിഡി തീയതി.23/06/2023.
5. വനിതശിശു വികസന ഡയറക്ടറുടെ 30.08.2025-ലെ DWCD/7375/2024-WEC6 നം. കത്ത്.
6. സ.ഉ.(സാധാ) നം.420/2025/ഡബ്ള്യുസിഡിഡി തീയതി.14/10/2025.

**ഉത്തരവ്**

വിവിധ വകുപ്പുകളിലെ ജെൻഡർ പ്രവർത്തനങ്ങളെ സംബന്ധിച്ച് ആശയവിനിമയം നടത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും വേണ്ടി ബഹു. വനിത ശിശുവികസന വകുപ്പ മന്ത്രി അദ്ധ്യക്ഷയും വനിത ശിശുവികസന പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറും വനിത ശിശുവികസന വകുപ്പ് ഡയറക്ടർ ജോയിന്റ് കൺവീനറും സർക്കാർ പ്രതിനിധികളെ കൂടാതെ സാമൂഹ്യ ജീവിതത്തിന്റെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന സ്ത്രീകളുടെ ശാക്തീകരണത്തിൽ ശ്രദ്ധേയമായ പങ്കുവഹിച്ചു വരുന്ന വ്യക്തികളിൽ നിന്നും സർക്കാർ നിശ്ചയിച്ചിട്ടുള്ള 11 വ്യക്തികൾ അനൗദ്യോഗിക അംഗങ്ങളായും ഉൾപ്പെടുത്തി ഒരു ജെൻ ഡർ കൗൺസിൽ രൂപീകരിച്ചു കൊണ്ട് പരാമർശം (1) പ്രകാരവും ജെൻ ഡർ കൗൺസിലിൽ അനൗദ്യോഗിക അംഗമായി ഉൾപ്പെടുത്തിയിട്ടുള്ള ഡോ. T.K ആനന്ദിയെ പരാമർശം (2) പ്രകാരം ജെൻഡർ കൺസൾട്ടന്റായി നിയമിച്ചും

ഉത്തരവായിരുന്നു. ജെൻഡർ കൗൺസിൽ അംഗങ്ങളുടെ കാലാവധി മൂന്ന് വർഷമായി നിജപ്പെടുത്തിയും ജെൻഡർ കൺസൾട്ടന്റിനെ സഹായിക്കുന്നതിന് ക്ലർക്ക് കം ടൈപ്പിസ്റ്റിനെ നിയമിച്ചു കൊണ്ട് പരാമർശം (3) പ്രകാരവും ഉത്തരവായിരുന്നു. ജെൻഡർ കൗൺസിൽ അംഗങ്ങളുടെ കാലാവധി 26.09.2025 ന് മൂന്ന് വർഷം പൂർത്തിയായിരുന്നു. ടി സാഹചര്യത്തിൽ വിവിധ വകുപ്പുകളിലെ ജെൻഡർ പ്രവർത്തനങ്ങളെ സംബന്ധിച്ച് ആശയവിനിമയം നടത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും വേണ്ടി വനിത ശിശുവികസന വകുപ്പിന് കീഴിൽ രൂപീകരിച്ചിട്ടുള്ള ജെൻഡർ കൗൺസിലിന്റെ ജെൻഡർ കൗൺസിൽ അംഗങ്ങളുടെയും ജെൻഡർ കൺസൾട്ടന്റ് ഡോ. T.K ആനന്ദിയുടെയും കാലാവധി 2025-26 സാമ്പത്തിക വർഷാവസാനം വരെ ദീർഘിപ്പിച്ചു നല്കി പരാമർശം (6) പ്രകാരം ഉത്തരവായിരുന്നു.

(2) അനൗദ്യോഗിക അംഗങ്ങളിൽ നിന്നും ജെൻഡർ കൺസൾട്ടന്റായി നിയമിച്ചിട്ടുള്ള ഡോ.റ്റി.കെ ആനന്ദി -യ്ക്ക് പ്രതിമാസം 50,000/- രൂപ നിരക്കിൽ ഓണറേറിയം അനുവദിച്ച് വരുന്നു. ഇതിലേയ്ക്കായി പ്രതിവർഷം 6,00,000/- രൂപയും അനൗദ്യോഗിക അംഗങ്ങളുടെ സിറ്റിംഗ് ഫീസ് ഇനത്തിൽ ഒരു അംഗത്തിന്, ഒരു സിറ്റിംഗിന് 2000/- രൂപയും ഇപ്രകാരം പ്രതിവർഷം 3,63,000/- രൂപയും (അനൗദ്യോഗിക അംഗങ്ങളുടെ എണ്ണം പരമാവധി 11, സിറ്റിംഗ് പ്രതിമാസം 1 എന്ന തോതിലും നിശ്ചയിക്കാവുന്നതാണ്. ഒരു മാസം ഒന്നിലധികം സിറ്റിംഗുകൾ ആവശ്യമായി വരുന്ന പക്ഷം അധികമായി വരുന്ന ഓരോ സിറ്റിംഗിനും 1500/- രൂപ ക്രമത്തിലും അനുവദിക്കാവുന്നതാണ്). വാഹന വാടക ഇനത്തിൽ പ്രതിമാസം 30,000/- രൂപ നിരക്കിൽ പ്രതിവർഷം 3,60,000/- രൂപയും, അനൗദ്യോഗിക അംഗങ്ങൾക്കുള്ള TA ഇനത്തിൽ (ക്ലാസ്സ് 1 ഓഫീസർമാർക്ക് നൽകുന്ന നിരക്കിലും) പ്രതിവർഷം 5,00,000/- രൂപയും ജെൻഡർ കൺസൾട്ടന്റിനെ സഹായിക്കുന്നതിന് കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ക്ലാർക്ക് കം ടൈപ്പിസ്റ്റിന്റെ പ്രതിമാസ ഓണറേറിയം 22,240/- രൂപ നിരക്കിൽ പ്രതിവർഷം 2,66,880/- രൂപയും, ഓണം അലവൻസ് ഇനത്തിൽ 1250/- രൂപയും, ഓഫീസ് സ്റ്റേഷനറി മറ്റ് ചെലവുകൾ എന്നിവയ്ക്ക് പ്രതിവർഷം 15,000/- രൂപയും ആവശ്യമാണ്.

| Sl. No | ITEMS | RATE | TOTAL |
|---|---|---|---|
| 1 | Honorarium of Gender Consultant | 50,000 x 12 | 6,00,000/- |
| 2 | Sitting Fee of Unofficial members | 2,000 x 11x12+1500 x11x 6)<br><br>Additional sitting Fee) | 3,63,000/- |
| 3 | Hiring of Vehicle | 30,000 x12 | 3,60,000/- |
| 4 | TA of Unofficial members | 5,00,000/- | 5,00,000/- |
| 5 | Honorarium of clerk cum typist | 22240 x12 | 2,66,880/- |

| | | | |
|---|---|---|---|
| 6 | Onam allowance of clerk cum typist | 1250/- | 1250/- |
| 7 | Other Expenses | 15,000/- | 15,000/- |
| | **TOTAL** | | **21,06,130/-** |

ടി സാഹചര്യത്തിൽ ജെൻഡർ കൗൺസിലിന്റെ പ്രവർത്തനങ്ങൾക്കായി 2235-02-103-68-02-34-03(P) ശീർഷകത്തിൽ നിന്നും 21,06,130/-(ഇരുപത്തി ഒന്ന് ലക്ഷത്തി ആറായിരത്തി ഒരുനൂറ്റി മുപ്പത് രൂപ മാത്രം) രൂപ പ്രതിവർഷം വിനിയോഗിക്കുന്നതിനും അനുമതി നൽകി ഉത്തരവാകണമെന്ന് വനിതശിശു വികസന ഡയറക്ടർ പരാമർശം (5) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. വിവിധ വകുപ്പുകളിലെ ജെൻഡർ പ്രവർത്തനങ്ങളെ സംബന്ധിച്ച് ആശയവിനിമയം നടത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും വേണ്ടി വനിത ശിശുവികസന വകുപ്പിന് കീഴിൽ രൂപീകരിച്ചിട്ടുള്ള ജെൻഡർ കൗൺസിലിന്റെ ജെൻഡർ കൗൺസിൽ അംഗങ്ങളുടെയും ജെൻഡർ കൺസൾട്ടന്റ് ഡോ. T.K ആനന്ദിയുടെയും കാലാവധി പരാമർശം (6) പ്രകാരം, 2025-26 സാമ്പത്തിക വർഷാവസാനം വരെ ദീർഘിപ്പിച്ച് നല്കിയ സാഹചര്യത്തിൽ, ജെൻഡർ കൗൺസിലിന്റെ പ്രവർത്തനങ്ങൾക്കായി 2235-02-103-68-02-34-03(P) ശീർഷകത്തിൽ നിന്നും 21,06,130/-(ഇരുപത്തി ഒന്ന് ലക്ഷത്തി ആറായിരത്തി ഒരുനൂറ്റി മുപ്പത് രൂപ മാത്രം) രൂപ വിനിയോഗിക്കുന്നതിന് അനുമതി നല്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്.

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Renji George
Date: 29-01-2026 11:09:56